LIBRARY ARCHIVES Kerala Legislative Assembly

ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

161(431) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള കാലയളവിൽ വൈദ്യുതി വകുപ്പ് ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

2016 മുതൽ 2021 വരെ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. നോർമൽ പദ്ധതിയിൽ ഉൾപ്പെടുത്തി 7.11 കോടി രൂപയുടെയും ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 4.22 കോടി രൂപയുടെയും വികസന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. 2016-17-ൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 1,23,77,646 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ എം.എൽ.എ. ഫണ്ടിൽനിന്നും 25,01,184 രൂപയും കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ടിൽനിന്നും 4,11,837 രൂപയും ഡി.ഡി.യു.ജി.ജെ.വൈ പദ്ധതിയിൽനിന്നും 68,36,774 രൂപയും എസ്.സി എസ്.ടി ഡിപ്പാർട്ടുമെന്റിൽനിന്നും 5,75,318 രൂപയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽനിന്നും 18,65,563 രൂപയും ഉപഭോക്താക്കളുടെ പക്കൽനിന്നും 1,86,970 രൂപയും സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് ചെലവാക്കി 762 സർവ്വീസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും മേലാർകോട് പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിലവിലുണ്ടായിരുന്ന ഡബിൾ റ്റ്യൂബ് ഫ്ലൂറസന്റ് തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമമായ എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി 20 ലക്ഷം രൂപ ചെലവഴിച്ചു. ഇതുകൂടാതെ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 1512 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

തിരൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി ക്ഷാമം

162(432) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി 110 കെ.വി. തിരൂർ സബ്സ്റ്റേഷന്റെ ശേഷി 37.5 MVA-യിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും 52.5 MVA ആയി ഉയർത്തുകയും 3 പുതിയ 11 കെ.വി. ഫീഡറുകൾ വൈദ്യുതി വിതരണത്തിനായി സജ്ജമാക്കുകയും ചെയ്തു. 110 കെ.വി. തിരൂർ സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് പരിമിതികളുള്ളതിനാൽ 200 MVA ശേഷിയുള്ള 220 കെ.വി. സബ്സ്റ്റേഷൻ വെങ്ങാലൂരിൽ സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി സബ്സ്റ്റേഷൻ പൂർത്തിയാകുന്ന തോടുകൂടി മാടക്കത്തറ സബ്സ്റ്റേഷനിൽനിന്ന് വടക്കാഞ്ചേരി- കുന്നംകുളം- വെങ്ങാലൂർ ഇടനാഴിയിലൂടെ വൈദ്യുതി ലഭ്യത ഉറപ്പുവരുത്താനാകും. കൂടാതെ 33 കെ.വി. കൽപകഞ്ചേരി സബ്സ്റ്റേഷന്റെ ശേഷി 10MVA- യിൽനിന്നും 16 MVA ആക്കി ഉയർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റിപ്പുറം സബ്സ്റ്റേഷനിൽനിന്നും കൽപകഞ്ചേരി സബ്സ്റ്റേഷനിലേയ്ക്ക് ഒരു 33 കെ.വി. ഫീഡർ ലഭ്യമാക്കുന്ന പ്രവൃത്തിയും പുരോഗമിക്കുന്നു.

(ബി) വെങ്ങാലൂർ സ്വിച്ചിംഗ് സ്റ്റേഷൻ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

വെങ്ങാലൂരിൽ 220 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (GIS) സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി സാങ്കേതികാനുമതിയും കിഫ്ബി -യുടെ ധനസഹായവും ലഭ്യമാണ്. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി തലക്കാട് വില്ലേജിൽ 212.8 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചിട്ടുണ്ട്.

(സി) തിരൂർ പൂക്കയിൽ 110 കെ.വി.-യിൽനിന്ന് 220 കെ.വി.-യായി അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തിരൂർ (പൂക്കയിൽ) 110 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി.-യായി ഉയർത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ

163(433) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യും അനെർട്ടും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.